തൂങ്ങി മരണം

4. [6] ശ്രീ. ജി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964 ജൂലായ് 12-ാംനു- പന്തളം തെക്കേക്കര പഞ്ചായത്തിൽ രാജപ്പൻ എന്ന ഒരാൾ തൂങ്ങിമരിച്ചതായി അറിവു കിട്ടിയിട്ടുണ്ടോ ;

(ബി) അതു തൂങ്ങിമരണം അല്ലെന്നും സംശയകരമായ സ്ഥിതികളിലാണു് രാജപ്പൻ മരിക്കാൻ ഇടയായതെന്നും പരാതി കിട്ടിയിട്ടുണ്ടോ ;

(സി) അതിന്മേൽ അന്വേഷണം നടത്തിയോ ? എന്താണു അന്വേഷണഫലം ;

(ഡി) അതിനെപ്പറ്റി കൂടുതൽ കർശനമായും ഊർജ്ജിതമായും അന്വേഷണം നടത്താൻ ഉത്തരവു കൊടുക്കാമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) അന്വേഷണം നടത്തി. അന്വേഷണത്തിൽ അതു് ഒരു തൂങ്ങി മരണം (Suicide by hanging) ആണെന്നു തെളിഞ്ഞു.

(ഡി) ഇനി ഒരന്വേഷണത്തിന്റെ ആവശ്യമുള്ളതായി തോന്നുന്നില്ല.

ഒന്നാം പദ്ധതിയിൽ തുടങ്ങിവച്ച പണികൾ

5. [8] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് പണി ആരംഭിച്ചതും, പിന്നീടു് പണി തുടർന്നു പോന്നതുമായ തൃശ്ശൂർ ജില്ലയിലെ ചെറക്കാക്കോട്ടു്—പുല്ലാനിക്കാട് റോഡു്, മുർക്കാനിക്കര—കൊഴക്കുള്ളി റോഡു് എന്നിവയുടെ പണി പൂർത്തിയാകാതിരിക്കാൻ കാരണമെന്താണു് ;

(ബി) മേൽപറഞ്ഞ റോഡുകളുടെ പണി ഉടനെ പൂർത്തിയാക്കുമോ ?

ഉത്തരം

(എ) സ്ഥലമെടുപ്പു് നടപടികളിൽ ഉണ്ടായ കാലതാമസമാണു് ഇതിനു കാരണം.

(ബി) ചിറക്കാക്കോട്ടു്—പുല്ലാനിക്കാട്ടു് റോഡിന്റെ പണി നടന്നു കൊണ്ടിരിക്കുന്നു. മുർക്കാനിക്കര—കൊഴക്കുള്ളി റോഡിന്റെ സ്ഥലമെടുപ്പു് നടപടി പൂർത്തിയായിട്ടില്ല. ഈ പണികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

5—ാം സ്റ്റാൻഡേഡു് പുനരാരംഭിച്ച വിദ്യാലയങ്ങൾ

6. [9] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര പ്രൈവറ്റു സ്കൂളുകളിൽ 5-ാംസ്റ്റാൻഡേഡു് നിറുത്തൽ ചെയ്തശേഷം ഇക്കൊല്ലം പുനരാരംഭിച്ചു ;

(ബി) എറണാകുളം ഡിസ്ട്രിക്ടിൽ എത്ര ;

(സി) അവ ഏതെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly